(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ബസ് ചാർജ്ജ് വർദ്ധനവ്

* 263. [284] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, സി. കെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഓരോതവണയും വർദ്ധിപ്പിച്ച നിരക്കുകൾ എത്ര വീതം ;

(സി) ഇനിയും ഉടനെ ബസ് ചാർജ്ജ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) രണ്ടു പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സിറ്റി സർവ്വീസിലും ഓർഡിനറി സർവ്വീസിലും രണ്ടാമത്തെ സ്റ്റേജിൽ 10 പൈസയുടെ വർദ്ധനവ് കഴിഞ്ഞ ഫെബ്രുവരിയിൽ വരുത്തിയിട്ടുണ്ട്.

(ബി) ഓരോ തവണയും വർദ്ധിപ്പിച്ചതിന്റെ നിരക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ബസ് ചാർജ്ജ് വർദ്ധനവ് ആവശ്യമാണോ എന്നതിനെപ്പറ്റി പരിശോധിക്കുവാൻ സർക്കാർ ഒരു കമ്മറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടിയാൽ മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും പറയുവാൻ നിവൃത്തിയുള്ളൂ.

അബ്കാരി ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി

* 264. [285] ശ്രീ. കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശമദ്യ ചട്ടം, കേരള അബ്കാരി ഷോപ്പ്സ് റൂൾസ് എന്നിവ ഭേദഗതി ചെയ്തുകൊണ്ടുള്ള വിജ്ഞാപനം ഏറ്റവും ഒടുവിൽ എന്നാണ് പുറപ്പെടുവിച്ചത് ;

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly